ബി.ജെ.പിക്കെതിരെ കോമാ സഖ്യമെന്ന് ശ്രീധരൻപിള്ള

നെടുമ്പാശേരി: ബി.ജെ.പിക്കെതിരെ കേരളത്തിലും കേന്ദ്രത്തിലും കോ മാ (കോൺഗ്രസ് - മാർക്സിസ്റ്റ്) സഖ്യമാണ് അരങ്ങേറുന്നതതെന്ന് സംസ്ഥാന പ്രസിഡന്റ് പി.എസ്. ശ്രീധരൻപിള്ള പറഞ്ഞു. അത് തിരഞ്ഞെടുപ്പ് കഴിയുന്നതോടെ ദയനീയമായി പരാജയപ്പെടും. സുസ്ഥിര ഭരണത്തിന് വേണ്ടി വാദിച്ച കോൺഗ്രസും മാർക്സിസ്റ്റ് പാർട്ടിയും ഇപ്പോഴേ അടിച്ചുതുടങ്ങി. ബംഗാളിൽ 42ൽ എട്ട് സീറ്റിൽ മാത്രമാണ് സി.പി.എം മത്സരിക്കുന്നത്. സോഷ്യൽ മീഡിയയിൽ തനിക്കെതിരെ നടക്കുന്ന പ്രചരണത്തെ കാര്യമാക്കുന്നില്ല. ആർക്കുവേണ്ടിയെങ്കിലും പ്രചരണം നടത്തട്ടെയെന്നും ശ്രീധരൻപിള്ള പറഞ്ഞു.

കോലീബി ആരോപണം തള്ളി മുല്ലപ്പള്ളി

ന്യഡൽഹി: വടകരയിൽ കോലീബി സഖ്യമാണെന്ന സി.പി.എം ആക്ഷേപം ശുദ്ധ അസംബന്ധമാണെന്ന് കെ.പി.സി.സി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ പറഞ്ഞു. പഴയ കോ ലീ ബി പേരിൽ കോൺഗ്രസിനെ വേട്ടയാടാൻ ശ്രമിച്ചാൽ കേരളീയ സമൂഹം അത് അംഗീകരിക്കില്ല. അന്ന മത്സരിച്ച രത്നം സിംഗ് മുഴുവൻസമയ രാഷ്ട്രീയക്കാരൻ പോലുമായിരുന്നില്ല. 1970ൽ പിണറായി വിജയൻ കൂത്തുപറമ്പിൽ അന്നത്തെ ജനസംഘവുമായി ചേർന്നാണ് തിരഞ്ഞെടുപ്പിൽ വിജയിച്ചത്. പ്രത്യുപകാരമായി ജനസംഘം സ്ഥാനാർത്ഥി കെ.ജി മാരാർക്ക് വേണ്ടി ഇ.എം.എസ് അടക്കമുള്ളവർ പ്രചരണം നടത്തിയത് ആരും മറന്നുപോയിട്ടില്ല. കോൺഗ്രസ് സ്ഥാനാർത്ഥികളിൽ കൊലക്കുറ്റം ചുമത്തപ്പെട്ടവരില്ല. വടകരയിൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ചുക്കാൻ പിടിക്കുന്നത് ഞാൻ തന്നെയാവും. അവിടെ പാതി സ്ഥാനാർത്ഥിയായി ഞാനുണ്ടാകും.

കേരള കാമരാജ് കോൺഗ്രസ് എൻ.ഡി.എയിൽ

ന്യഡൽഹി: വി.എസ്.ഡി.പി ചെയർമാൻ വിപ്ലപുരം ചന്ദ്രശേഖരന്റെ നേതൃത്വത്തിൽ രൂപീകരിച്ച കേരള കാമരാജ് കോൺഗ്രസ് കേരളത്തിലെ എൻ.ഡി.എ സഖ്യത്തിൽ ചേർന്നു. ഡൽഹിയിൽ ബി.ജെ.പി അദ്ധ്യക്ഷൻ അമിത്ഷായുമായുള്ളചർച്ചയ്ക്കുശേഷമാണ് തീരുമാനം. കുമ്മനം രാജശേഖരനെ വിജയിപ്പിക്കാനായി എല്ലാ പരിശ്രമവും നടത്തുമെന്ന് ചന്ദ്രശേഖരൻ വ്യക്തമാക്കി. രാജ്യസുരക്ഷ അടക്കമുള്ള വിഷയത്തിൽ ബി.ജെ.പിക്കും കേന്ദ്രസർക്കാരിനും എല്ലാ പിന്തുണയും നൽകും. എൻ.ഡി.എയുടെ ഭാഗമായതിൽ സന്തോഷമുണ്ടെന്നും പറഞ്ഞു. ധീവര വെൽഫെയർ പാർട്ടി, എൽ.ജെ.പി, പി.എസ്.പി, സോഷ്യലിസ്റ്റ് ജനതാദൾ എന്നിവരും കേരളത്തിൽ എൻ.ഡി.എയുടെ ഭാഗമാണെന്ന് ബി.ജെ.പി ദേശീയസമിതി അംഗം പി.കെ കൃഷ്ണദാസ് അറിയിച്ചു.

മുന്നാക്ക കമ്മിഷനിൽ പിന്നാക്ക മെമ്പർ സെക്രട്ടറി: വിമർശിച്ച് എൻ.എസ്.എസ്

കോട്ടയം: മുന്നാക്കക്കാരിലെ പിന്നാക്കക്കാർക്കുള്ള ജസ്റ്റിസ് എം. ആർ. ഹരിഹരൻനായർ ചെയർമാനായ നാലംഗകമ്മിഷനിൽ പിന്നാക്ക വിഭാഗത്തിൽ നിന്നുള്ള മെമ്പർ സെക്രട്ടറിയെ നിയമിച്ചത് അനൗചിത്യമാണെന്ന് എൻ.എസ്.എസ് ജനറൽ സെക്രട്ടറി ജി.സുകുമാരൻ നായർ പറഞ്ഞു. വളരെ ഉത്തരവാദപ്പെട്ട സ്ഥാനമായതിനാൽ നിജസ്ഥിതി മനസിലാക്കി സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

കടാശ്വാസ പരിധി ഉയർത്തൽ: ഫയൽ സ്ക്രീനിംഗ് സമിതിക്ക്

തിരുവനന്തപുരം: കാർഷിക കടാശ്വാസകമ്മിഷന്റെ വായ്പാപരിധി ഒരു ലക്ഷത്തിൽ നിന്ന് രണ്ട് ലക്ഷം രൂപയാക്കാൻ ചട്ടഭേദഗതി നിർദ്ദേശിച്ച് ഈ മാസം അഞ്ചിന് മന്ത്രിസഭായോഗം കൈക്കൊണ്ട തീരുമാനം വേഗത്തിലാക്കാൻ നിർദ്ദേശം. കൃഷിവകുപ്പ് ഉത്തരവിറക്കി നിയമവകുപ്പിന് കൈമാറിയ ഫയലിൽ ചട്ടഭേദഗതിക്കാവശ്യമായ തുടർനടപടികൾ സ്വീകരിക്കാനാണ് ചീഫ്സെക്രട്ടറിയോട്നിർദ്ദേശിച്ച്ഇക്കാര്യത്തിൽ നിയമോപദേശം തേടിയ ശേഷം ഫയൽ തിരഞ്ഞെടുപ്പ്പെരുമാറ്റച്ചട്ടം സംബന്ധിച്ച സ്ക്രീനിംഗ് സമിതിക്ക് വിടണം. സ്ക്രീനിംഗ് കമ്മിറ്റി അനുമതി നൽകിയാൽ തിരഞ്ഞെടുപ്പ്കമ്മിഷന്റെ അനുമതിയോടെ ഓർഡിനൻസ്ഇറക്കാനായി വീണ്ടും മന്ത്രിസഭയുടെ പരിഗണനയിലെത്തും.

നവകേരള നിർമാണം: വികസനരേഖ അവലോകനം

തിരുവനന്തപുരം: പ്രളയാനന്തര പുനർനിർമാണത്തിനുള്ള കരട് വികസന രേഖ മുഖ്യമന്ത്രി പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉപദേശക സമതിയോഗം അവലോകനം ചെയ്തു. പദ്ധതി നിർവഹണം അടുത്ത സാമ്പത്തിക വർഷം തന്നെ ആരംഭിക്കണമെന്നും ആവശ്യമായ വിഷയങ്ങളിൽ വിശദ പഠനം നടത്തണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു. വിവിധ വികസന വകുപ്പുകളിലെ അനുഭവ സമ്പത്തുള്ള ഉദ്യോഗസ്ഥരുടെയും പുറത്തുനിന്നുള്ള വിദഗ്ധരുടെയും അന്താരാഷ്ട്ര ഏജൻസികളുടെയും നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ടാണ് പുനർനിർമാണം നടത്തുന്നത്. മന്ത്രിമാരായ ഇ.ചന്ദ്രശേഖരൻ, കെ.കൃഷ്ണൻകുട്ടി, എ.കെ.ശശീന്ദ്രൻ, രാമചന്ദ്രൻകടന്നപ്പള്ളി, ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ ഡോ.വി.കെ.രാമചന്ദ്രൻ, ഡോ.കെ.എം.എബ്രഹാം, കെ.എം.ചന്ദ്രശേഖരൻ, ടി.കെ.എ നായർ,എം.എ.യൂസഫ തുടങ്ങിയവർ സംബന്ധിച്ചു. ഡോ.മുരളി തുമ്മാരുകുടി വീഡിയോ കോൺഫറൻസിലൂടെ ചർച്ചയിൽ പങ്കെടുത്തു.

എൻ.ഡി.എ സീറ്റ് വിഭജനം പൂർത്തിയായി

ബി.ജെ.പി 14, ബി.ഡി.ജെ.എസ് 5

ന്യഡൽഹി: ലോക്സഭാ തിരഞ്ഞെടുപ്പിൽ എൻ.ഡി.എ മുന്നണിയുടെ കേരളത്തിലെ സീറ്റ് വിഭജനം പൂർത്തിയായി. ബി.ജെ.പി 14 സീറ്റിലും ബി.ഡി.ജെ.എസ് അഞ്ചിലും മത്സരിക്കും. കേരള കോൺഗ്രസ് പി.സി. തോമസ് വിഭാഗത്തിനാണ് ഒരു സീറ്റ്. കേരളത്തിന്റെ തിരഞ്ഞെടുപ്പ് ചുമതലയുള്ള ദേശീയ ജനറൽസെക്രട്ടറി മുരളീധരറാവു, ബി.ജെ.പി കേരള തിരഞ്ഞെടുപ്പ് നിരീക്ഷകൻ വൈ. സത്യ, ദേശീയസമിതി അംഗം പി.കെ. കൃഷ്ണദാസ് എന്നിവർ വാർത്താസമ്മേളനത്തിലാണ് സീറ്റ് വിഭജനം ഔദ്യോഗികമായി പ്രഖ്യാപിച്ചത്.

സീറ്റ് വിഭജനം ഇങ്ങനെ

ബി.ജെ.പി - കാസർകോട്, കണ്ണൂർ, വടകര, കോഴിക്കോട്, മലപ്പുറം, പൊന്നാനി, പാലക്കാട്, ചാലക്കുടി, എറണാകുളം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം, ആറ്റിങ്ങൽ

ബി.ഡി.ജെ.എസ് - തൃശ്ശൂർ, വയനാട്, ആലത്തൂർ, ഇടുക്കി, മാവേലിക്കര

പി.സി. തോമസ് വിഭാഗം - കോട്ടയം (പി.സി. തോമസാണ് സ്ഥാനാർത്ഥി)

മത്സരിക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല: തുഷാർ

തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ലെന്ന് തുഷാർവെള്ളാപ്പള്ളിമാദ്ധ്യമങ്ങളോട് പറഞ്ഞു. മത്സരിക്കുന്നതിന് എസ്.എൻ.ഡി.പി യോഗം വൈസ് പ്രസിഡന്റ്സ്ഥാനം രാജിവയ്ക്കണമെങ്കിൽ രാജിവയ്ക്കും. സ്ഥാനാർത്ഥികളെ രണ്ടുദിവസത്തിനുള്ളിൽ പാർട്ടി കമ്മിറ്റി കൂടിയശേഷം പ്രഖ്യാപിക്കും. എസ്.എൻ.ഡി.പി യോഗത്തിന്റെ ബി ടീമാണ് ബി.ഡി.ജെ.എസ് എന്ന് വ്യാഖ്യാനിക്കേണ്ട. എല്ലാ സമുദായത്തിൽ നിന്നുള്ള ആളുകളും പാർട്ടിയിലുണ്ടെന്നും തുഷാർ പറഞ്ഞു.

എം.എൽ.എമാർ രാജിവച്ച് തിരഞ്ഞെടുപ്പ് നേരിടണം: കൃഷ്ണദാസ്

എൻ.ഡി.എയ്ക്ക് അനുകൂലമായ രാഷ്ട്രീയ സാഹചര്യമാണ് കേരളത്തിലെന്ന് പി.കെ. കൃഷ്ണദാസ് പറഞ്ഞു. എൽ.ഡി.എഫിന്റെയും യു.ഡി.എഫിന്റെയും സ്ഥാനാർത്ഥികളായത് 9 എം.എൽ.എമാരാണ്. ഉപതിരഞ്ഞെടുപ്പ് നടന്നാൽ ജയിക്കുമെന്ന ആത്മവിശ്വാസത്തിലാണ് ഇവരെ സ്ഥാനാർത്ഥികളാക്കിയതെന്നാണ് കോടിയേരി ബാലകൃഷ്ണനും കോൺഗ്രസും പറഞ്ഞത്. അങ്ങനെയെങ്കിൽ ഇവർ രാജിവച്ച് ലോക്സഭാ തിരഞ്ഞെടുപ്പ് നേരിടണം.

ചാഴികാടന്റെ കൺവെൻഷനിൽ ജോസഫ് പറഞ്ഞത്...

▸ വി.ജയകുമാർ

കോട്ടയം: പി.ജെ. ജോസഫിനെ വെട്ടി കോട്ടയത്ത് മാണിഗ്രൂപ്പ് സ്ഥാനാർത്ഥിയായ തോമസ് ചാഴികാടന്റെതിരഞ്ഞെടുപ്പ്കൺവെൻഷന് ജോസഫ് എത്തിയെങ്കിലും ഏറെ സംസാരിച്ചത് രാഹുലിനെയും പ്രിയങ്കയെയും കുറിച്ച് മാണിഗ്രൂപ്പ് രാഷ്ട്രീയ വിവാദത്തിൽ തൊട്ടില്ല. തോമസ് ചാഴികാടനെ വിജയിപ്പിക്കണമെന്നും പറഞ്ഞില്ല. എതിർസ്ഥാനാർത്ഥി എൽ.ഡി.എഫിലെ വി.എൻ. വാസവന് എങ്ങനെ ഉമ്മൻചാണ്ടിയുടെയും തിരുവഞ്ചൂർരാധാകൃഷ്ണന്റെയും മോൻസ് ജോസഫിന്റെയും അന്യപ്പ്ജേക്കബിന്റെയും ലീഡ് മറികടക്കാൻ കഴിയുമെന്ന ചോദ്യം ഉന്നയിച്ച ജോസഫ് രാഹുലിനെ വിള്ളള ഇന്ത്യയെ രക്ഷിള്ള എന്ന മുദ്രാവാക്യം വിളിച്ചതിന് പുറമേ പ്രിയങ്കയ്ക്ക് ഇന്ദിരയുടെ അതേ മൂക്കാണെന്നും പ്രശംസിച്ചു. വേദിയിലുണ്ടായിരുന്ന രമേശ്ചെന്നിത്തലയെയും യോഗത്തിന് എത്താതിരുന്നുഉമ്മൻചാണ്ടിയെയുംവാനോളം പുകഴ്ത്തി. കെ.എം. മാണിയെക്കുറിച്ചോ ജോസ് കെ. മാണിയെക്കുറിച്ചോ ഒന്നും പറഞ്ഞതുമില്ല. അനാരോഗ്യം കാരണം കെ.എം. മാണി യോഗത്തിനെത്തിയിരുന്നില്ല. യോഗം ആരംഭിച്ച് പകുതിയായപ്പോൾമോൻസ്ജോസഫിനൊപ്പമെത്തിയ ജോസഫിനെ ജോസ് കെ. മാണി കൈപിടിച്ച് വേദിയിലേക്ക് കയറ്റി. അദ്ധ്യക്ഷനായ തിരുവഞ്ചൂർ രാധാകൃഷ്ണന് സമീപമാണ് ജോസഫിരുന്നത്. ഇടുക്കിയിൽ കോൺഗ്രസ്സ്ഥാനാർത്ഥി ഡീൻ കുര്യാക്കോസിന് നല്ല ഭൂരിപക്ഷം നേടിക്കൊടുക്കുമെന്നു പറഞ്ഞ ജോസഫ് തോമസ് ചാഴികാടൻ വൻ ഭൂരിപക്ഷത്തോടെ ജയിക്കുമെന്നു പറയാതിരുന്നത് ശ്രദ്ധേയമായി.

കേരളത്തിൽ മത്സരിക്കുന്നില്ല: ആം ആദ്മി പാർട്ടി

കൊച്ചി: ഈ ലോക്സഭാ തിരഞ്ഞെടുപ്പിൽ ആം ആദ്മി പാർട്ടി കേരളത്തിൽ മത്സരിക്കില്ലെന്ന് പാർട്ടി നേതൃത്വം അറിയിച്ചു. സംസ്ഥാനത്ത് എന്ത് രാഷ്ട്രീയ നിലപാട് സ്വീകരിക്കണമെന്ന കാര്യത്തിൽ ദേശീയനേതൃത്വം തീരുമാനമെടുക്കുമെന്ന് കൺവീനർ സി.ആർ.നീലകണ്ഠൻ അറിയിച്ചു. ഡൽഹി, ഹരിയാന, പഞ്ചാബ്, ഗോവ, ചണ്ഡീഗഡ് എന്നീ അഞ്ച് സംസ്ഥാനങ്ങളിൽ മാത്രമേ മത്സരിക്കുകയുള്ളൂ എന്ന ദേശീയ നേതൃത്വമെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കേരളത്തെ ഒഴിവാക്കിയത്. മതേതര വോട്ടുകൾ ഭിന്നിച്ചുകൊണ്ട് എൻ.ഡി.എ ഭരണം തിരിച്ചുവരുന്നത് തടയുകയാണ് ലക്ഷ്യം. എൻ.ഡി.എ സ്ഥാനാർത്ഥികളുടെ പരാജയം ഉറപ്പാക്കുന്നതിന് കഴിയും വിധത്തിൽ പ്രവർത്തിക്കാനാണ് തീരുമാനം. ദേശീയ നേതൃത്വത്തിന്റെ നിർദ്ദേശം ലഭിച്ചാൽ അക്കാര്യം വിശദീകരിക്കാൻ സംസ്ഥാനത്ത് മൂന്നു മേഖലകളിൽ പ്രവർത്തകയോഗം നടത്തുമെന്ന് സി.ആർ നീലകണ്ഠൻ പറഞ്ഞു.

മുഖ്യമന്ത്രി കണ്ണൂരിൽ

തിരുവനന്തപുരം: മുഖ്യമന്ത്റിപിണറായി വിജയൻ മാർച്ച്21, 22, 23, 26 തിയതികളിൽ കണ്ണൂർ ജില്ലയിലും 24, 25 തിയതികളിൽ കാസർകോട് ജില്ലയിലും വിവിധ പാർട്ടി യോഗങ്ങളിൽ പങ്കെടുക്കും

കർഷക രക്ഷാ പാക്കേജ് പ്രശ്നം

മന്ത്രിസഭായോഗത്തിൽ ചീഫ് സെക്രട്ടറിയെ കുടഞ്ഞു

തിരുവനന്തപുരം: ജപ്തിഭീഷണിയിൽ ദുരിതമനുഭവിക്കുന്ന കർഷകരുടെ രക്ഷയ്ക്കായി തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് മുമ്പ് പ്രഖ്യാപിച്ച പാക്കേജിന്റെ ഉത്തരവിറക്കാത്തതിന് ചീഫ് സെക്രട്ടറി ടോം ജോസിനെ മന്ത്രിസഭായോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിശിതമായി വിമർശിച്ചു. റവന്യൂ മന്ത്രിയും സ്വരം കടുപ്പിച്ച് സംസാരിച്ചു.

തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിന് മുമ്പേ മന്ത്രിസഭാതീരുമാനം നടപ്പാക്കണമെന്ന് റവന്യൂ മന്ത്രി ഇ. ചന്ദ്രശേഖരൻ ഫയലിൽ കുറിച്ചിട്ടും അത് പാലിക്കാത്തതാണ് മുഖ്യമന്ത്രിയെയും റവന്യൂമന്ത്രിയെയും ചൊടിപ്പിച്ചത്. മന്ത്രിസഭായോഗത്തിൽ രൂക്ഷവിമർശനമുയർന്നിട്ടും മൊറാട്ടോറിയ ഉത്തരവിന്റെ ഫയൽ തിരഞ്ഞെടുപ്പ് കമ്മിഷന് അയയ്ക്കാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സ്ക്രീനിംഗ്സമിതി ഇനിയും തീരുമാനിച്ചിട്ടില്ല. തിങ്കളാഴ്ചകളിൽ ചേരുന്ന സ്ക്രീനിംഗ്സമിതിയുടെ അടുത്ത യോഗത്തിന്റെ അജൻഡയിലും ഇതുവരെ വിഷയമില്ല.

തിരഞ്ഞെടുപ്പ് പ്രഖ്യാപനം വന്നത് ഈ മാസം പത്തിനാണ്. അഞ്ചാം തീയതി ചേർന്ന മന്ത്രിസഭായോഗമാണ് കർഷകർ എടുത്ത എല്ലാത്തരം വായ്പകൾക്കും മൊറാട്ടോറിയം ബാധകമാക്കുന്നതുൾപ്പെടെയുള്ള പാക്കേജ് അംഗീകരിച്ചത്. ഇന്നലെ മന്ത്രിസഭായോഗത്തിൽ കൃഷിമന്ത്രി വി.എസ്. സുനിൽകുമാറാണ് വിഷയമുന്നയിച്ചത്.

മുഖ്യമന്ത്രിയുടെ ചോദ്യങ്ങൾ

■ ഒന്നാം ചോദ്യം

? പതിവനുസരിച്ച് ആറാം തീയതി ബുധനാഴ്ച ചേരേണ്ടിയിരുന്ന മന്ത്രിസഭായോഗം ഒരു ദിവസം നേരത്തേയാക്കിയത് എന്തിനാണെന്ന് ചീഫ് സെക്രട്ടറിക്ക് വല്ല ബോദ്ധ്യവുമുണ്ടോ? രോഷത്തോടെ മുഖ്യമന്ത്രിയുടെ ആദ്യ ചോദ്യം.

■ രണ്ടാം ചോദ്യം

? മന്ത്രിസഭാതീരുമാനത്തിൽ 48 മണിക്കൂറിനകം ഉത്തരവിറങ്ങിയിരിക്കണമെന്നതിൽ ചീഫ് സെക്രട്ടറിക്ക് വല്ല നിശ്ചയവുമുണ്ടോ?

■ മൂന്നാംചോദ്യം

? കർഷക ആത്മഹത്യകളുണ്ടായ സാഹചര്യത്തിൽ സർക്കാർ എടുത്ത തീരുമാനത്തിലും അത് നടപ്പാക്കാനുള്ള മന്ത്രിയുടെ നിർദ്ദേശത്തിലും ഉത്തരവ് വൈകിപ്പിച്ചതെന്തിനാണ്?

■ നാലാംചോദ്യം

? കാർഷിക കടാശ്വാസപരിധി ഉയർത്തുന്നതടക്കമുള്ളവയിൽ തുടർനടപടികൾ വേഗത്തിലാക്കാൻ റവന്യൂ മന്ത്രി നിർദ്ദേശിച്ചിട്ടും ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സ്ക്രീനിംഗ്സമിതി അത് വേണ്ടെന്ന് വച്ചതിന്റെ കാരണമെന്ത്?

റവന്യൂമന്ത്രിയുടെ വിമർശനം

സൂര്യപ്രകാശത്തെ മുറം കൊണ്ട് മറയ്ക്കുന്നത് പോലെയായി ഈ വിശദീകരണമെന്നായി അപ്പോൾ മന്ത്രി ഇ. ചന്ദ്രശേഖരൻ. മുറം കൊണ്ട് മറയ്ക്കുന്ന വ്യക്തിയുടെ മുഖത്ത് മാത്രമേ സൂര്യപ്രകാശം ഏൽക്കാതിരിക്കൂ. മറ്റുള്ളവർക്ക് വെയിലേൽക്കുന്നത് തടയാനാകില്ല. തിരഞ്ഞെടുപ്പുകാലത്ത് പ്രതിപക്ഷത്തിന് ആയുധമിട്ട് നൽകിയെന്ന കുറ്റപ്പെടുത്തലുകളും ചില മന്ത്രിമാരിൽ നിന്നുണ്ടായി.

ചീഫ് സെക്രട്ടറിയുടെ മറുപടി

നേരത്തേ ഇറക്കിയ കാർഷികവായ്പാ മൊറാട്ടോറിയത്തിന്റെ കാലാവധി ഒക്ടോബർ 31 വരെയുണ്ട്. അതുകൊണ്ടാണ് പുതിയ മൊറാട്ടോറിയ ഉത്തരവ് ഇപ്പോൾ ഇറക്കാതിരുന്നത്.

വിശദീകരണം ഒഴികഴിവ്

ചീഫ് സെക്രട്ടറി നൽകിയ വിശദീകരണം ഒഴികഴിവ് മാത്രമായാണ് സർക്കാർവൃത്തങ്ങൾ കാണുന്നത്. കർഷകരെടുത്തിട്ടുള്ള കാർഷികാവശ്യത്തിന് മാത്രമുള്ള വായ്പകൾക്കാണ് നിലവിലെ മൊറാട്ടോറിയം. പ്രളയദുരന്ത കാലത്ത് സംസ്ഥാനതല ബാങ്കേഴ്സ്സമിതിനേരിട്ടെടുത്ത തീരുമാനമാണിത്. കർഷകരെടുത്ത മറ്റ് വായ്പകളെയും ഉൾപ്പെടുത്തി മൊറാട്ടോറിയത്തിന്റെ പരിധി വ്യാപിപ്പിക്കാനുള്ള തീരുമാനമാണ് പുതിയത്. കാർഷിക കടാശ്വാസത്തിന്റെ പരിധി ഉയർത്തുന്നതടക്കം കൃഷിവകുപ്പ് ഇറക്കിയ നിർദ്ദേശങ്ങളിൽ തുടർനടപടി വേണ്ടെന്ന് നേരത്തേ ചീഫ് സെക്രട്ടറിയും റവന്യൂപ്രിൻസിപ്പൽസെക്രട്ടറിയും തീരുമാനിച്ചിരുന്നു. ഇത് തിരുത്തിയാണ് നടപടി വേഗത്തിലാക്കാൻ റവന്യൂമന്ത്രി ഫയലിൽ കുറിച്ചത്. അതാണ് നടപ്പാക്കാതിരുന്നത്.

കളക്ടർ അയഞ്ഞു; ആശ്വാസസഹായം ഉടൻ

▸ എം.എച്ച് വിഷ്ണു

തിരുവനന്തപുരം: കടംകയറി മുടിഞ്ഞ്, ഇടുക്കിയിൽ ആത്മഹത്യ ചെയ്ത 9 കർഷകരുടെ ആശ്രിതർക്ക് അടിയന്തര ആശ്വാസമായി സർക്കാർ അനുവദിച്ച 29 ലക്ഷം രൂപ വിതരണം ചെയ്യാൻ ജില്ലാ കളക്ടർ എച്ച്. ദിനേശൻ തിരഞ്ഞെടുപ്പ് കമ്മിഷന്റെ അനുമതി തേടി. തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് മുൻപെടുത്ത തീരുമാനമാണെന്നും ഉടനടി നടപ്പാക്കാൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ഇന്നലെ കളക്ടർ തിരഞ്ഞെടുപ്പ് കമ്മിഷന് കത്തുനൽകി. കേരളകൗമുദി ഇന്നലെ പ്രസിദ്ധീകരിച്ച "ജീവനൊടുക്കിയ കർഷകരുടെ ആശ്രിതർക്ക് ധനസഹായം നൽകാതെ തടഞ്ഞു" എന്ന റിപ്പോർട്ടിനെത്തുടർന്നാണ് നടപടി. ഇടുക്കി ജില്ലാ കളക്ടറുടെ ശുപാർശ പ്രകാരം കഴിഞ്ഞ പത്തിന് രാവിലെയാണ് ആത്മഹത്യ ചെയ്ത കർഷകരുടെ ആശ്രിതർക്ക് ധനസഹായം അനുവദിച്ചത്. തങ്കമണിയിലെ സന്തോഷിന് 5 ലക്ഷവും ബാക്കി എട്ടുപേർക്കും 3 ലക്ഷം വീതവുമാണ് റവന്യൂ (ഡി.ആർ.എഫ്-സി) വകുപ്പ് ഇറക്കിയ ഉത്തരവിലൂടെ അനുവദിച്ചത്. പക്ഷേ, അന്ന് വൈകിട്ട് തിരഞ്ഞെടുപ്പ്പ്രഖ്യാപിച്ചതോടെ, പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ഉത്തരവ് നടപ്പാക്കാനാവില്ലെന്ന് കളക്ടർ നിലപാടെടുത്തു. ആശ്രിതരിൽ ഒരാളെങ്കിലും നിവേദനം നൽകിയാൽ അക്കാര്യം ചൂണ്ടിക്കാട്ടി തിരഞ്ഞെടുപ്പ്കമ്മിഷനെ സമീപിക്കാമെന്നായിരുന്നു കളക്ടറുടെ നിലപാടെങ്കിലും, കേരളകൗമുദി വാർത്തയാക്കിയതോടെ സർക്കാർ ഇടപെടുകയായിരുന്നു.

കേരളകൗമുദി ഇന്നലെ പ്രസിദ്ധീകരിച്ച റിപ്പോർട്ട്

"ഇന്നലെത്തന്നെ കമ്മിഷന് കത്തയച്ചു. അനുമതി ലഭിച്ചാലുടൻ ധനസഹായം വിതരണം ചെയ്യും
- എച്ച്. ദിനേശൻ ഇടുക്കി കളക്ടർ

സി.പി.എം കണക്കുകൂട്ടുന്നു, 13ന് മുകളിൽ സീറ്റുകൾ

തിരുവനന്തപുരം: ലോക്സഭാ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്തെ രാഷ്ട്രീയ സാഹചര്യം ഇടതിന് അനുകൂലമാണെന്നും 13ന് മുകളിൽ സീറ്റുകൾ നേടാനാകുമെന്നും സി.പി.എം കണക്കുകൂട്ടുന്നു. ഇന്നലെ ചേർന്ന സി.പി.എം സംസ്ഥാന സെക്രട്ടേറിയറ്റിന്റെ പ്രാഥമിക വിലയിരുത്തലാണിത്.

കഴിഞ്ഞതവണ നേടിയ എട്ട് സീറ്റുകൾക്ക് പുറമേ, 'സംഘടനാപരമായ ചില പാളിച്ചകൾ' കാരണം നഷ്ടപ്പെട്ടതെന്ന് പാർട്ടികരുതുന്ന കൊല്ലം, മാവേലിക്കര, ആലപ്പുഴ, കോഴിക്കോട്, വടകര മണ്ഡലങ്ങൾ ഇക്കുറി തിരിച്ചുപിടിക്കാനാകുമെന്നും സി.പി.എം കണക്കുകൂട്ടുന്നു. വടകര ഉൾപ്പെടെ അഞ്ചിടങ്ങളിൽ പഴയ കോ-ലീ-ബി (കോൺഗ്രസ്- ലീഗ്- ബി.ജെ.പി) മോഡൽ സഖ്യം ഉരുത്തിരിയാനുള്ള സാദ്ധ്യതയുണ്ടെന്ന് പാർട്ടിസംശയിക്കുന്നുണ്ട്.

അങ്ങനെയുണ്ടായാലും വടകരയിൽ വിജയിക്കാനാവുമെന്നാണ് കണക്കുകൂട്ടൽ.

വടകരയ്ക്ക് പുറമേ, കണ്ണൂർ, കോഴിക്കോട്, എറണാകുളം, കൊല്ലം മണ്ഡലങ്ങളിലാണ് കോ-ലീ-ബി സഖ്യം സംശയിക്കുന്നത്. ഈ മണ്ഡലങ്ങളിൽ കോൺഗ്രസ് സ്ഥാനാർത്ഥികളെ ബി.ജെ.പി സഹായിക്കുമ്പോൾ പകരം പത്തനംതിട്ടയിൽ ബി.ജെ.പിയെ കോൺഗ്രസ് സഹായിക്കുമെന്നാണ് സംശയിക്കുന്നത്.

എറണാകുളത്ത്കെ.വി.തോമസിന് പകരം ഹൈബി ഈഡൻ സ്ഥാനാർത്ഥിയായെത്തിയത് ഇടതിന് അനുകൂലമാകുമെന്നും കണക്കുകൂട്ടുന്നു. ഹൈബി ക്കെതിരായ ക്രൈംബ്രാഞ്ച്കേസടക്കമുള്ള ആരോപണവിവാദങ്ങൾ തിരഞ്ഞെടുപ്പ് പ്രചാരണരംഗത്ത് ഉയർന്നുവരാമെന്നാണ് കരുതുന്നത്.

സ്ഥാനാർത്ഥിപ്രഖ്യാപനം കുടുംബയോഗങ്ങളുമാണ് ഇപ്പോൾ നടന്നുവരുന്നത്. സ്ഥാനാർത്ഥിപര്യടനങ്ങൾ 23ന് ആരംഭിക്കാനാണ് ഇടത് തീരുമാനം.

അഞ്ചിടത്ത് യു.ഡി.എഫിന് ആർ.എസ്.എസ് സഹായം:കോടിയേരി

തിരുവനന്തപുരം: അഞ്ച് ലോക്സഭാമണ്ഡലങ്ങളിൽ യു.ഡി.എഫിനെ സഹായിക്കാനാണ് ബി.ജെ.പി-ആർ.എസ്.എസ് തീരുമാനമെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. വടകര, കൊല്ലം, കണ്ണൂർ, എറണാകുളം, കോഴിക്കോട് മണ്ഡലങ്ങളിൽ ദുർബലസ്ഥാനാർത്ഥികളെ